MANGALAM

12 MARCH 2016

## മലബാർ സിമെന്റ്

# ലാഭവും കരുതൽ ധനവും ഇല്ലാതായെന്ന് തൊഴിലാളികൾ

പാലക്കാട്: പൊതുമേഖലാ സ്ഥാപനമായ മലബാർ സിമെന്റ്സിന്റെ ലാഭവും കരുതൽ ധനനിക്ഷേപവും ഇല്ലാതായെന്ന് മലബാർ സിമെന്റ്സ് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു). വ്യവസായ വകുപ്പും മാനേജ്മെന്റും ചേർന്ന് നടത്തിയ കരാറുകളും ഇടപാടുകളും അഴിമതിക്കിടയാക്കുകയും സ്ഥാപനത്തെ നഷ്ടത്തിലേക്ക് നയിക്കുകയുമാണ്.

എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലാഭത്തിലായിരുന്ന കമ്പനിയിൽ ഇപ്പോൾ ലാഭമില്ല. അന്ന് കരുതൽ നിക്ഷേപമായി ഉണ്ടായിരുന്ന 120 കോടിയും അപ്രത്യക്ഷമായി. അതേസമയം 50 കോടിരൂപ വായ്പയെടുത്തു.

ഇക്കാര്യങ്ങൾ യൂണിയൻ ഉന്നയിച്ചപ്പോൾ സംസ്ഥാന ബജറ്റിൽ സഹായം ലഭിക്കുമെന്നാണ് മാനേജിംഗ് ഡയറക്ടർ നോട്ടീസ് ഇറക്കിയത്.

എന്നാൽ ബജറ്റിൽ മലബാർ സിമെന്റ്സിന് സാമ്പത്തിക സഹായം നൽകുന്ന പരാമർശമില്ല. സ്ഥാപനത്തെ നഷ്ടത്തിലേക്കു നയിക്കും വിധത്തിലാണ് അഴിമതികൾ നടക്കുന്നത്.

2011 ൽ 40,000 ടൺ കൽക്കരി ഇറക്കുമതി ചെയ്തതിൽ സി.എ.ജി കണ്ടെത്തിയ നഷ്ടം 84.97 ലക്ഷം രൂപയാണ്.

2012–13 ൽ കൽക്കരി വാങ്ങുന്നതിൽ തീരുമാനമെടുക്കാൻ വൈകിയതു മൂലമുള്ള നഷ്ടമായി സി.എ.ജി കണ്ടെത്തിയത് 90.32 ലക്ഷമാണ്.

2012–13 ൽ ചുണ്ണാമ്പു കല്ല് തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്നതിൽ കടത്തുകൂലിയിൽ വന്ന നഷ്ടമായി സി.എ.ജി റിപ്പോർട്ടിലുള്ളത് 111 ലക്ഷമാണ്.

സിമെന്റ് കോർപ്പറേഷനിൽ നിന്നു ക്ലിങ്കർ വാങ്ങിയതിൽ 48.78 ലക്ഷത്തിന്റെ നഷ്ടമാണ് സി.എ.ജി കണക്കാക്കിയത്. 2013 ൽ കൽക്കരി ഇറക്കുമതിയിൽ പെനാൽട്ടി പിടിക്കാത്തതു മൂലം 48.32 ലക്ഷത്തിന്റെ ബാധ്യതയും സി.എ.ജി ചൂണ്ടിക്കാട്ടുന്നു.

2004–13 ലെ കരാർ പ്രകാരം എ.ആർ.കെയുമായുള്ള ഫ്ളൈ ആഷ് ഇടപാട് നിർത്തിയതു വഴി 18 കോടിയുടെ നഷ്ടവും പറയുന്നു.

സി.സി.ഐ യിൽ നിന്നു 51558 ചാക്ക് സിമെന്റ് 380 രൂപ നിരക്കിൽ വാങ്ങി കട്ടപിടിച്ച് നശിച്ചവകയിൽ 168 ലക്ഷംരൂപയുടെ നഷ്ടമാണ് കണക്കാക്കുന്നത്. വിദേശത്തുനിന്നു ക്ലിങ്കർ ഇറക്കുമതി ചെയ്ത വകയിൽ 80 കോടിയുടെ അധികബാധ്യത തുടങ്ങി നിരവധി ക്രമക്കേടുകളുണ്ട്. ഇതേപ്പറ്റി സമഗ്രമായി അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ മുഖേന വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകി.

പത്രസമ്മേളനത്തിൽ യൂണിയൻ പ്രസിഡന്റും സി.ഐ.ടി.യു ജില്ലാ ജോയിന്റ് സെക്രട്ടറിയുമായ എസ്.ബി. രാജു, കെ. നാഗരാജ്, ഇ.സി. ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു.